LEAD THOU ME ON !

KHMHS VALAKKULAM

little KITEs



# DIGITAL WORLD

## LITTLE KITES DIGITAL MAGAZINE

## 2019-20

**K.H.M.H.S.S VALAKULAM**

# ഉള്ളടക്കം

മകന്റെ ഉത്തരവാദിത്തം……………………………………………6
BEAUTY OF MOON……………………………………………7
ജ്ഞാനപാദം……………………………………………8
LIFE……………………………………………10
തീ നാളങ്ങൾ……………………………………………11
FRIENDS……………………………………………13
സ്മൃതിതാളം……………………………………………14
എന്റെ ഗ്രാമ വയൽ……………………………………………15
കൈമാറുന്ന സന്ദേശം……………………………………………17
ദുഷ്ടനായ രാജാവ്……………………………………………19
MEMORIES……………………………………………20
ഇന്റർനെറ്റിലെ കുഞ്ഞുകൈകൾ……………………………………………21
PICTURES……………………………………………22




വിവര വിനിമയ സാങ്കേതിക രംഗത്ത് പുതിയ കാൽ വെപ്പുമായി വിദ്യാഭ്യാസ മേഖലയിൽ ഈയിടെ നടപ്പാക്കി വരുന്ന ലിറ്റിൽ കൈറ്റ്സിന്റെ കീഴിൽ നമ്മുടെ സ്കൂളിൽ നിന്നും എത്തിക്കുന്ന ഡിജിറ്റൽ മാഗസിനും അത് വെളിച്ചം കാണാൻ പ്രവർത്തിച്ച അദ്ധ്യാപകർക്കും വിദ്യാർതകൾക്കും ആദ്യ മായി എന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ ചൊരിയുന്നു പാഠ്യ പാഠ്യതര രംഗത്തും സന്നദ്ധ സാമൂഹ്യ സാംസ്കാരിക മേഖലയിലുമെല്ലാം കേരളത്തിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഏറെ മാതൃകയായ നമ്മുടെ സ്കൂൾ സാങ്കേതിക രംഗത്തും ഇതോടെ അഭിനന്ദനാർഹമായ നേട്ടമാണ് കൈവരിക്കുന്നത് വിവര വിനിമയ സാങ്കേതിക രംഗം ചിന്തകൾക്കതീതമായ പുരോഗതിയാണ് കൈവരിച്ചു കൊണ്ടിരിക്കുന്നത്. - ഇതൊന്നിനെപ്പോലെയും അല്പസ്വല്പം ദോഷങ്ങളുണ്ടെങ്കിലും ഇന്നത്തെ കാലത്ത് അനുപേക്ഷണീയമായ ഒന്നായി ഈ രംഗം മാറിയിരിക്കുന്നു . വളർന്ന് വരുന്ന തലമുറക്ക് ഉയരങ്ങൾ താണ്ടുവാൻ ഏറെ സഹായകരമായിരിക്കും ഇതെന്ന കാര്യത്തിൽ സംശയമില്ല . ഡിജിറ്റൽ മാഗസിൻ പ്രസിദ്ധികരിക്കുന്ന ഈ വേളയിൽ ഇനിയും ഏറെ ദൂരം വൈജ്ഞാനിക രംഗത്ത് മുന്നേറാൻ സാധിക്കട്ടെ . . . . എല്ലാ വിധ അനുഗ്രഹങ്ങളും നേരുന്നു .

ഇ.കെ അബ്ദു റസാഖ്

മാനേജർ

കെ . എച്ച്.എം.എച്ച്.എസ്.എസ്, വാളക്കുളം




വർഷങ്ങളായി വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളെ അസ്പദ മാക്കി തയ്യാറാക്കുന്ന കയ്യെഴുത്ത് മാഗസിനുകൾ വിദ്യാർത്ഥികളുടെ എഴുത്തിനും വായനക്കും അതിലുപരി അവരുടെ അഭിരുചികൾ പ്രകടിപ്പിക്കുവാനും എ സഹായകരമായിട്ടുണ്ട് . എന്നാൽ ഇന്ന് ശാസ്ത്ര സാങ്കേതിക വളർച്ചയുടെ യുഗത്തിനൊപ്പം വിദ്യാഭ്യാസ രീതികളും അതിനൊപ്പം വിദ്യാർത്ഥികളും വളരെ വേഗത്തിലാണ് സഞ്ചരിക്കുന്നത് . ഈ അതിവേഗ വളർച്ചയുടെ സൂചനയാണ് വാളക്കുളം കെ . എച്ച് . എം . എച്ച് . എസ് . എസ്സിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ ചുരുങ്ങിയ കാലത്ത അവരുടെ പരിശീലനം കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത് . ലിറ്റിൽ കൈറ്റിന്റെ മാത്രമല്ല സ്കൂളിന്റെ തന്നെ ആദ്യ സംരംഭമാണിത് . ഇതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കിയ അധ്യാപകർക്കും , അണിയറയിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും ഈ അഭിമാന മുഹൂർത്തത്തിൽ ഒരായിരം ആശംസകൾ നേരുന്നു .

**മുഹമ്മദ് ബഷീർ . പി . കെ**

**പ്രധാനാധ്യാപകൻ**

**കെ . എച്ച് . എം . എച്ച് . എസ് . എസ് . വാളക്കുളം**



**പൊ**തു വിദ്യാഭ്യാസ മേഖല വൻ കുതിച്ചു ചാട്ടം നടത്തുന്ന ഇക്കാലത്ത് അതിന്റെ വളർച്ചക്ക് പിന്നിലെ പ്രധാന ചാലക ശക്തിയായി വർത്തിച്ചത് വിവര വിനിമയ സാങ്കേതിക വിദ്യയുടെ വരവാണ് . ഈ മേഖലയിൽ അതിവിദഗ്ധരായ ഒരു വട്ടം മിടുക്കരെ വളർത്തിയെടുക്കുന്നതിനായി രൂപീകരിച്ചതാണ് ലിറ്റിൽ കൈറ്റ്സ് . ഐ . സി . ടി യിൽ ഉയർന്ന നിലവാരത്തിലുള്ള പരിശീലനം ഇന്നവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു . റാസ്ബറി പൈ , പ്രോഗ്രാമിംഗ് , ഹാർഡ്വെയർ , ക്യാമറ , അനിമേഷൻ പരിശീലനങ്ങളും മൊബൈൽ ആപ്പ് നിർമ്മാണവും ഇതിൽ ചിലതാണ് . അവർക്കു ലഭിച്ച ഈ കഴിവുകൾ സാമൂഹ നന്മക്കായി വിനിയോഗിക്കാൻ തയ്യാറായി വന്ന കുട്ടുകാരെയും അവർക്കു നേതൃത്വം നൽകുന്ന അധ്യാപകരെയും അഭിനന്ദിക്കുന്നതോടൊപ്പം ഇവരുടെ പുതിയ സംരംഭമായ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

**രഞ്ജിത്ത്**

**എസ്.ഐ.ടി.**

# മകന്റെ ഉത്തരവാദിത്തം

ഒരു പാവപ്പെട്ട കർഷകന്റെ മകനാണ് ജോർജ്. വളരെ കഷ്ടപ്പെട്ടാണ് അദ്ദേഹം മകനെ പഠിപ്പിച്ചത്. പഠിച്ചു വലുതായി ജോലിയൊക്കെ കിട്ടിയപ്പോൾ അവൻ പട്ടണത്തിലേക്ക് താമസം മാറി. വിവാഹം കഴിച്ചവിടതന്നെ കഴിഞ്ഞു. കിട്ടുന്ന ശമ്പളതേക്കാൾ അവൻ ചെലവാക്കിയത് കൊണ്ട് അവനു കടം വാങ്ങേണ്ടി വന്നു. പട്ടണത്തിലേക്ക് വന്നതിന് ശേഷം അവൻ അച്ഛനെയും അമ്മയെയും തിരിഞ്ഞ് നോക്കിയിട്ടില്ല. അങ്ങനെയിരിക്കെ അവന്റെ അച്ഛന് അസുഖം വന്ന് കിടപ്പിലായത്. അച്ഛനും അമ്മയും സഹായത്തിനായി പട്ടണത്തിലുള്ള മകന്റെ അടുത്തേക്കു പോയി. പക്ഷെ കടത്തിൽ പെട്ടുനിൽക്കുന്ന അവൻ അവരെ പുറത്താക്കി. അവർ സങ്കടത്തോടെ മടങ്ങി.

പിറ്റേന്ന് അവൻ റോഡരികിലൂടെ നടക്കുമ്പോൾ അവനൊരു കപ്പലണ്ടി വിൽക്കുന്ന ഒരു കൊച്ചു ബാലനെ കണ്ടു. അപ്പോൾ അവൻ ആ കുട്ടിയോട് ചോദിച്ചു :

"നീ എന്തിനാണ് പഠിക്കേണ്ട സമയത്തു ജോലി ചെയ്യുന്നത്? "അപ്പോൾ ആ കുട്ടി പറഞ്ഞു "എന്റെ അച്ഛൻ വയ്യാതെ കിടപ്പിലാണ്, എന്റെ അമ്മ വീട്ടു ജോലിക്ക് പോയിട്ടാണ് കുടുംബം നോക്കുന്നത്. അത് കൊണ്ട് ഞാൻ എനിക്ക് കഴിയും വിധം അവരെ സഹായിക്കുന്നു?" അപ്പോഴാണ് ജോർജിനുതാൻ ചെയ്‌ത തെറ്റ് മനസിലായത് അപ്പോൾ തന്നെ അവൻ തന്റെ മാതാപിതാക്കളെ അവന്റെ വീട്ടിലേക്കു കൊണ്ടുവന്നു.

ASWIN KRISHNA.P IX-O

# BEAUTY OF MOON

Night has dropped her certain
But the moon has come to play
Night is more beauty...
By the light of moon

I wanted to reach out to the sky
Not to touch any star
Just to whisper to the moon
`HOW BEAUTIFUL ARE YOU '

- Fathima Rifana 9-P

# ജ്ഞാനപാദം

വിദ്യാ മധുരം നുകരുവാൻ

വിദ്യാലയ മുറ്റത്ത് ഞാൻ എത്തവേ

ദൃഷ്ടിയിൽ പതിഞ്ഞൊരായിരം
അക്ഷര തുണ്ടുകൾ

കണ്ണീരു വാർത്തങ്ങനെ

അമ്മതൻ കൈപിടിച്ച് എത്തിയെങ്കിലും

ഇന്നു ഞാൻ സന്തോഷ പൂരിതമാണെൻ

വിദ്യാലയത്തിൽ

അറിവുകൾ ഓരോന്ന് നെയ്തെടുക്കാൻ

കഴിയുന്ന വൃക്ഷത്തെയാണെൻറെ
വിദ്യാലയം...

കൈപ്പേകും കണ്ണീർത്തുള്ളികൾക്ക്
പകരംമേകിടും
തേനൂറും മധുരം കയ്യിൽ ഒരുക്കിത്തന്നു
എൻറെ പ്രിയ അധ്യാപകർ

ഇഷ്ടം ഏറെ സുഹൃത്തുക്കളെ

ഉപ്പുമാങ്ങ പോലും പങ്കുവെച്ചു
സുന്ദരമായ നാളുകൾ പൊയ്ക്കളയും

ഇരുട്ടിൽ ആഴത്തിൽ ഞാൻ ഒതുങ്ങുന്നു

അറിവിൻ പ്രകാശം പകർന്നു തന്നിരുന്ന

ദീപമാണെൻ ഗുരുക്കളെ

ഇന്നു ഞാൻ ഓർത്തിടവേ

ഈ തിരുമുറ്റത്ത് എത്തുമ്പോൾ

നന്മയാതൻ സമൃദ്ധികൾ

ഈ വിദ്യാലയമുറ്റത്ത് ഓടിക്കളിക്കുന്നു...

-Rizwana- 9 O

# LIFE

Life is an opportunity, benefit from
Life is beauty, admire it
Life is a dream, realize it
Life is a challenge, meet it
Life is a duty, complete it

Life is a game, play it.
Life is a promise, fulfil it
Life is sorrow, Over come it
Life is a song , sing it
Life is a struggle , Accept it.

Life is a tragedy , confront it
Life is an adventure , dare it
Life is luck , make it
Life is too previous , do not destroy it
Life is life , fight for it......

- Ayisha Safna P 9.M

# തീ നാളങ്ങൾ

ഒരു തീ ഗോളമാകുന്നത് വരെ

ഈ ഭൂഗോളം എരിയാതെ

എരിഞ്ഞുതീരുന്നു..

കത്തുന്ന പ്രേമം

പുകയുന്ന പ്രണയം

എരിയുന്ന ജീവൻ

എല്ലാം എല്ലാം

തീ നാളങ്ങളായി ആളിപ്പടരുന്നു

പണ്ടങ്ങ് ഒരു ജാതി ഒരു മതമെന്നാണ്

ഇന്നിങ്ങ് പലജാതി പല മതമെന്നും

ചിന്തുന്ന രക്തം മനുഷ്യന്റെ

കറുത്ത വെറുപ്പിൻ കരങ്ങൾകൊണ്ട്

ചിതറുന്നു തല ഉടലുകൾ

കൈകാല് അനീതിക്കു മുമ്പിൽ

ഭൂമിക്ക് പര്യായമാം അമ്മക്ക്

പോലുമില്ല ഇത്തിരി സ്നേഹത്തിൻ കണികപോലും..

പിച്ചിചീന്തുന്ന പിഞ്ചുമനസ്സുകളെ

എന്നിട്ടും നീതിക്കായുയരുന്നത്

വിരലിലെണ്ണാവുന്ന കൈകൾ മാത്രം

ഐക്യമിന്നിത ഓരോ

മതത്തിനു കീഴിൽ

സൗഹൃദം വിടരും

ഓരോ കൈകളിലൊതുങ്ങുന്ന

യന്ത്രങ്ങളിലായ് മാത്രം...

മനുജന്റെ സ്വാർത്ഥതക്കു മുമ്പിൽ

അനീതിയും അക്രമവും കളിയാടുന്നു

ഈ ഭൂഗോളം തീ ഗോളമാകുന്നത് വരെ

ഞാനെന്ന ഭാവം മാത്രം......

-Nafia IX-O

# FRIENDS

A good friend not a word
but my life partner…..
my life is happy with my
good friends…..

God gives some good friends
for my life enjoys and sharing
my feelings and problems,
Everything….!

I'm so happy with my friends,
no problems me feel at that time!
Thank god for give my friends…..
I hope to you always with me…..

GOD blessed…. ME and YOU…..

-FATHIMA RINSHA B.K 9th P

# സ്മൃതിതാളം

ജിവിതമെന്നതു ഓർമ്മകൾ
കൊണ്ട്
സമൃദ്ധമാണിത മനസ്സിൽ
വിരിഞ്ഞ പുഷ്പം
പോലെ സന്തോഷ മേകിടും
ഓർമ്മകളുമുണ്ടെൻ മനസ്സിൽ
കൊടിയും ഇലകൾതൻ
കണ്ണീരു വാർത്തിടും
ഓർമ്മകളുണ്ടെൻ മനസ്സിൽ
നന്മകളാമെന്റെ ഓർമ്മകൾ
എന്നുമേ എൻ മനസ്സിൽ തങ്ങിനിൽപ്പൂ....
ഒരോ നിമിഷവും മഞ്ഞുതുള്ളികൾ പോൽ
മനസ്സിൽ ഊർന്നുവീഴുന്നോർമ്മകൾ
നോവിൽ നീരാടും ഒരുപിടിഓർമ്മകൽ
ഇണമുണ്ടെൻ മനസ്സിൽ
പാറിക്കളിക്കുന്ന പലവക ഓർമ്മകൾ
വാരിയെടുത്തു ഞാനെന്റെ
കൈപിടിയിലൊതുക്കവേ........

**Fathima Raisha.E**

**IX-O**

# എന്റെ ഗ്രാമ വയൽ

എന്തു സുന്ദരമാണെൻ ഗ്രാമം
വയലിനരികിലൂടെ ഒഴുകുന്ന -
തോടുകൾ കള....കള എന്ന
ശബ്ദത്തിൽ ശബ്തമുണ്ടാക്കുന്നു.....

സൂര്യനിൽ നിന്നുള്ള പ്രഭാത കിര-
വയലിന്റെ ചാർത്തുമ്പോൾ....
എൻ വയലുകളെല്ലാം പച്ച-
പ്പായി നിറഞ്ഞു നിൽക്കുന്നു....

ഈ പച്ചപ്പുകണ്ട് വയലിന-
രികിലുള്ള തെങ്ങോലകൾ..
ആടികളിക്കുന്നു .... .

നിരവധി പക്ഷികൾ എൻ വയലി-
നരികിലുള്ള തോടുകളിൽ വെ-
ള്ളം കുടിക്കുന്നു..... .

അതു കാണുമ്പോൾ എൻ മനസ്സി-
ൽ എന്തെന്നില്ലാത്ത സന്തോഷം....
എന്റെ ദൈവമേ എന്തു ഭംഗി-

യായാണ് എൻ ഗ്രാമവയലിനെ

വർണിച്ചിരിക്കുന്നത് ..

എൻ വയലിനെ നിഗത്തല്ലേ

മനുഷ്യാ....

അതാണെൻ ഗ്രാമ ഭംഗി ....

അതാണെൻ ഗ്രാമ ഭംഗി

- Shamila

9j

# കൈമാറുന്ന സന്ദേശം

മാറുക കൈമാറുക

സന്ദേശം കൈമാറുക

എന്നൊരു ലക്ഷ്യമിട്ട് നീ തുടങ്ങവേ....

മാറുക കൈമാറുക

സന്ദേശം കൈമാറുക

എന്നൊരു ലക്ഷ്യമിട്ട് തുടങ്ങവേ.....

ആദ്യമോ നീ ഒരരിപ്രാവിന്റെ

കാലുകൾക്കിടയിൽ

അന്നു നിനക്കെന്തൊരു

ഉത്സാഹം പറക്കാൻ

പറന്ന് പറന്ന് നീ കഴിയവേ....

പിന്നെ നീയങ്ങനെ

അഞ്ചലയുടെ കരങ്ങളിൽ

അന്നും നീയെനിക്ക്

ഉത്കണ്ഠയും ആകാംക്ഷയും തന്നു

ഇന്നലെകൾ വായനയുടെ മറവികൾ

ഇന്നിതാ പുതുകാഴ്ചയുടെ ഉറവിടം
ഇന്നിതാ ജനങ്ങളുടെ
കരങ്ങളിൽ ഞരമ്പുകളിൽ
നീ വെറും യന്ത്രങ്ങളിലായ്....

നിനക്കന്നൊരു രൂപമേയുണ്ടായിരുന്നു
നീയിന്നു പലരൂപമായ് മാറിടുന്നു
മൊബൈൽ ഫോണും കമ്പ്യൂട്ടറും
ടാബും ലാപ്ടോപ്പും ഐപ്പേടുമങ്ങനെ
പലവിധങ്ങളിലായ് വിളങ്ങിടുന്നു...

ഫേസ്ബുക്ക് മെസ്സെൻജർ വാട്സപ്പ്
ഇൻസ്റ്റഗ്രാമിങ്ങനെ പലപല
പേരുകളിലായ് നീ ഒഴുകിനടക്കവേ....

നാളെ നീയങ്ങനെ കൈമാറുക
എന്നതൊരു ചോദ്യചിഹ്നമായ്
എൻ മനസ്സിൽ തങ്ങിനിൽക്കവേ...
ഒരു ചോദ്യചിഹ്നമായ്
എൻ മനസ്സിൽ തങ്ങിനിൽക്കവേ...

-FATHIMA NIDHA.K IX-O

# ദുഷ്ടനായ രാജാവ്

ഒരിടത്ത് ഒരു കൊച്ചു സുന്ദരമായ ഒരു ഗ്രാമം ഉണ്ടായിരുന്നു ആ ഗ്രാമം ഭരിച്ചിരുന്നത് ദുഷ്ട്ടനായ ഒരു രാജാവ് ആയിരുന്നു. ഇദ്ദേഹം പാവങ്ങളെ കൊണ്ട് എല്ല് മുറിയെ പണിയെടുപ്പിക്കുകമായിരുന്നു. ജോലിയെടുപ്പിക്കുന്നതിന് അദ്ദേഹം പണമൊന്നും ശമ്പളമായി കൊടുത്തിരുന്നില്ല.ജോലിയെടുക്കുന്നതിനിടയിൽ തളർന്ന് വീണാൽ വിശ്രമിക്കാനൊ തളർന്നു വീണ് കിടക്കുന്നാളെ പരിചരിക്കാനൊ അദ്ദേഹം സമ്മതിച്ചിരുന്നില്ല.

അദ്ദേഹത്തിന്റെ ഗ്രാമത്തിലെ ആരും ഈ രാജാവിനെ ഇഷ്ട്ടപെട്ടിരുന്നില്ല.അങ്ങനെ ഇരിക്കെ ഒരു ദിവസം കൊട്ടാരത്തിലെ മന്ത്രി മരിച്ചു.പിന്നീട് അയാൾക്ക് പകരം വേറൊരു  മന്ത്രിയെ നിയമിച്ചു.അദ്ദേഹം വളരെ ബുദ്ദിമാനും സൽസ്വഭാവിയും ശുദ്ദമനസ്സുമുള്ളവനായിരുന്നു.ഏത് കാര്യത്തിനും അദ്ദേഹം രാജാവിനോടൊപ്പമുണ്ടാവുമായിരുന്നു.പിന്നീട് അദ്ദേഹത്തിന്റെ നിയമമനുസരിച്ച് രാജാവ് ഭരിക്കാൻ തുടങ്ങി.അതോടെ രാജാവ് ഏറ്റവും നല്ല രാജാവായി മാറി.

ഇതോടെ ആ ഗ്രാമം സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും നല്ലൊരു ഗ്രാമമായി മാറി.

SANA RIMSHI.K

IX-I

# MEMORIES

*You are the most beautiful flower*
*is my garden*
*The sweet smelling flower*
*Its fragrance always widen*
*around the sky…Now and always*
*The beautiful delightness can't measurable one.*
*The most loving person*
*in my life…*
*can't be describe each of your eyes…*
*The capable of making impression on mind…*
*Also imprint your loving attittude*
*in my heart…*
*I listen my heart beats…it calls your sweet name*
*I remember your memories in my hand book…*
*The lots of memories…*
*your memories behind me, with never die…*
*only my death can defeat me.*

FAHMIDHA.K.K
9-O

# ഇന്റർനെറ്റിലെ കുഞ്ഞുകൈകൾ

ഇന്ന് ലോകത്ത് ധാരാളം പേർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നു . ഒരു സ്മാർട്ട് ഫോൺ ഇല്ലാത്ത വീടുകൾ ഇന്ന് വളരെ കുറവാണെന്ന് തന്നെ പറയാം . മൊബൈൽ ഫോണിന് ധാരാളം ഉപകാരങ്ങൾ ഉണ്ട് , എന്നാൽ അതിലേറെ ഉപദ്രവവും ഉണ്ട് . ഇന്ന് നാം സോഷ്യൽ മീഡികളിലെല്ലാം കാണാറുള്ള ഒരു കാര്യമാണ് മൊബൈൽ ഫോണിന് Addict ആയ ആളുകളെയും മൊബൈൽ ഫോണിന്റെ ഉപയോഗം മൂലം കണ്ണ് നഷ്ടപ്പെട്ട ആളുകളെയും . ഇന്ന് മുതിർന്നവരേക്കാൾ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നത് കുട്ടികളാണെന്ന് പറയാം ഇതിനെല്ലാം കാരണം രക്ഷിതാക്കൾ തന്നെയാണ് . മണ്ണിൽ കളിച്ച് വളരേണ്ട കുട്ടികൾ ഇന്ന് Youtube കണ്ടാണ് വളരുന്നത് . ചെറുപ്രായത്തിൽ കുട്ടികളുടെ കയ്യിൽ വെച്ചു കൊടുക്കേണ്ട കളിപ്പാട്ടത്തിന് പകരം ഇന്ന് നൽകുന്നത് മൊബൈൽ ഫോണാണ് . താമസിയാതെ അവർ മൊബൈൽ ഫോണിന് Addict ആവുകയും ഫോൺ ലഭിക്കാത്തെ അവസരത്തിൽ അവർക്ക് അസ്വസ്ഥത അനുഭവപ്പെടുകയും ചെയ്യുന്നു . ഇതിലൂടെ അവരറിയാതെ അവരുടെ ബാല്യം - തകർക്കുകയാണ് രക്ഷിതാക്കൾ . തകർക്കുകയാണ് രക്ഷിതാക്കൾ ചെറുപ്പത്തിൽ അവർ മൊബൈൽ ഫോണിന് കരഞ്ഞന്നിരിക്കാം , അത് അവരുടെ നല്ലതിനെന്ന് കരുതി കണ്ടില്ലെന്ന് നടിക്കണം . കുറച്ചു മുമ്പ് Blue whale എന്ന് പേരുള്ള ഒരു ഗെയിം ഇറങ്ങിയിരുന്നു . ധാരാളം പേർ ഇതിന് Addict ആയി ആത്മഹത്യ ചെയ്തു . അതിൽ ധാരാളം കുട്ടികളും ഉണ്ടായിരുന്നു . ഇതിനെല്ലാം കാരണം കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗമാണ് . ഇന്ന് പല വീടുകളിലും ചെന്നാൽ കുട്ടികൾ മൊബൈൽ ഫോണിൽ കുത്തിയിരിക്കുന്നതും കാണാം . മാത്രമല്ല , ഇപ്പോൾ കുട്ടികൾ അവധിക്കാലം ആഘോഷിക്കുന്നത് പോലും മൊബൈൽ ഫോണിലാണ് . പുതു തലമുറ അതിരുകടന്നിരിക്കുന്നു . അവരുടെ കുഞ്ഞുകൈകൾ ഇന്റർനെറ്റിലേക്കാണ് വളരുന്നത് .

FAYIS

# PICTURES



Thabshira
9-J



Anjali.T
10-E


Aswin Krishna.P
IX-O


Fathima Rifa
IX - M



Fathima Rifa
IX - M




DILNA SHERI.M
8-G


RIBA SHERIL
8-L


MUSTHANA
8-L


THANK YOU
LITTLE KITEs
K.H.M.HSS VALAKKULAM